91 (2244) തീപിടുത്തംമൂലമുള്ള നഷ്ടം പ്രകൃതിക്ഷോഭത്തിന്റെ പരിധിയിൽപ്പെടുത്തി നഷ്ട പരിഹാരം നൽകുന്ന നടപടി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീപിടുത്തംമൂലമുള്ള നഷ്ടം പ്രകൃതിക്ഷോഭത്തിന്റെ പരിധിയിൽപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഇതുവരെ എന്ത് സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പോലീസ് കേസുള്ള സംഭവങ്ങളിൽ ഈ സഹായം എപ്രകാരമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യാപകമായ തീപിടുത്തംമൂലം ആൾപ്പാർപ്പുള്ള വളരെയധികം വീടുകൾ കത്തി നശിക്കുകയാണെങ്കിൽ അവ പ്രകൃതിക്ഷോഭമായി കണക്കാക്കി ദുരിതാശ്വാസനിധിയിൽനിന്നും സഹായധനം അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമെന്നു തീരുമാനിച്ചിട്ടുണ്ട്.

(ബി) 1996 ഏപ്രിലിനുശേഷം തിരുവനന്തപുരം ജില്ലയിൽ 94 കേസ്സുകളിലായി 1,12,700/- രൂപയും, കൊല്ലം ജില്ലയിൽ 68 കേസ്സുകളിലായി 2,82,325/- രൂപയും, എറണാകുളം ജില്ലയിൽ 21 കേസ്സുകളിലായി 3,15,000/- രൂപയും, തൃശ്ശൂർ ജില്ലയിൽ 6 കേസ്സുകളിലായി 18,000/- രൂപയും, പാലക്കാട് ജില്ലയിൽ 32 കേസ്സുകളിലായി 44,550/- രൂപയും സഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഇത്തരം സഹായധനം അനുവദിച്ച് നൽകേണ്ടതായി വന്നിട്ടില്ല.

(സി) യാദൃച്ഛികമായി ഉണ്ടാകുന്ന തീ പിടിത്തങ്ങൾക്കാണ് ഇത്തരം സഹായധനം അനുവദിച്ചു നൽകുന്നത്. പോലീസ് കേസ്സുള്ള സംഭവങ്ങളിൽ ധനസഹായം നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല.

92 (2247) മുഴുപ്പിലങ്ങാട് വില്ലേജിൽ പട്ടയത്തിനുവേണ്ടി ലഭിച്ച അപേക്ഷകൾ

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് വില്ലേജിൽ പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആകെയുള്ള അപേക്ഷകരിൽ ഇതുവരെയായി എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly